# 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2007-08 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-08 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തെട്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു: —

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് എന്ന് പേർ പറയാം.

(2) ഇത് 2007 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2005-ലെ 20-ാം ആക്ടിന്റെ ഭേദഗതി.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിലെ (2005-ലെ 20), 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ ''പത്ത് ലക്ഷം രൂപ'' എന്ന വാക്കുകൾക്ക് പകരം ''പതിനഞ്ച് ലക്ഷം രൂപ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ ''രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ'' എന്ന വാക്കുകൾക്ക് പകരം ''അഞ്ച് ലക്ഷം രൂപ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

KNPP. 786/2007.